# പുളിപ്പിക്കാത്ത കള്ളിനെ അബ്കാരി നിയമത്തിൻെറ പരിധിയിൽനിന്ന് മാറ്റണം

സ്വന്തം ലേഖകൻ




നീരയെ ആസ്പദമാക്കി നടന്ന സംവാദത്തിൽ ആസൂത്രണബോർഡംഗം സി.പി. ജോൺ സംസാരിക്കുന്നു

**തിരുവനന്തപുരം:** പുളിപ്പിക്കാത്ത കള്ളിനെ അബ്കാരി നിയമത്തിൻെറ പരിധിയിൽനിന്നൊഴിവാക്കി, അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് കേര കർഷക പ്രതിനിധികൾ ആവശ്യപ്പെട്ടു.

നീര, തെങ്ങിൻ ശർക്കര, തെങ്ങിൻ പഞ്ചസാര എന്നീ മൂല്യവർധിത ഉൽപന്നങ്ങൾ സംസ്ഥാനത്തെ കേരകൃഷി രക്ഷപ്പെടുത്തുന്നതിന് അത്യാവശ്യമാണെന്ന് കർഷക പ്രതിനിധികൾ പറഞ്ഞു.

നാളികേരവികസന ബോർഡിൽ രജിസ്റ്റർചെയ്തിട്ടുള്ള നേമം നാളികേര ഉൽപാദകസംഘത്തിൻെറ ആഭിമുഖ്യത്തിൽ ‘നീര’യെ ആസ്പദമാക്കി നടന്ന സംവാദത്തിൽ സംസാരിക്കുകയായിരുന്നു അവർ.

കൃഷിവകുപ്പ് മുൻ ഡയറക്ടർ ആർ. ഹേലി സംവാദത്തിൽ മോഡറേറ്ററായിരുന്നു.

സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സി.പി. ജോൺ, മുൻ എം.പി. ഫ്രാൻസിസ് ജോർജ്, കേരഫെഡ് മുൻ ചെയർമാൻ എം. സുകുമാര പിള്ള, മുൻ പി.എസ്.സി. അംഗം തോമസ് മാത്തുണ്ണി, നാളികേര വികസനബോർഡ് അംഗങ്ങളായ അഡ്വ. വർക്കല ബി. രവികുമാർ, ധർമരാജൻ, മുരളീധരൻ തഴക്കര, കേരള സ്റ്റേറ്റ് ചെത്ത് തൊഴിലാളി ഫെഡറേഷൻ ജനറൽസെക്രട്ടറി എൻ. രമേശൻ, കേരള റ്റോഡി ആൻഡ് അബ്കാരി മസ്ദൂർ സംഘ് ജനറൽ സെക്രട്ടറി എം.കെ. ഉണ്ണികൃഷ്ണൻ, നീര കമ്മിറ്റിയിലെ കർഷക പ്രതിനിധി ബാബുജോസഫ്, നാളികേര വികസനബോർഡിലെ പബ്ലിസിറ്റി ഓഫിസർ മിനിമാത്യു, മാർക്കറ്റിങ് ഓഫിസർ ദീപ്തിനായർ, അസിസ്റ്റൻറ് മാർക്കറ്റിങ് ഓഫിസർ കെ.എസ്. സെബാസ്റ്റ്യൻ എന്നിവർക്കുപുറമെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ നാളികേര ഉൽപാദകസംഘങ്ങളിലെ കേരകർഷകരും നീര സംവാദത്തിൽ പങ്കെടുത്തു.